
# രാജസൂയം

## RAJASOOYAM

₹ 30 | 2017 ജൂൺ - നവംബർ



ഓണപ്പതിപ്പ്

അഭിമുഖം: വൈശാഖൻ/ഈ.ഡി. ഡേവീസ്


ലേഖനം : പണിയാളും പിന്നെ തുണയാളും/കെ.പി. ശങ്കരൻ

കവിത : സി.രാധാകൃഷ്ണൻ, വി.എം.ഗിരിജ,
മണമ്പൂർ രാജൻബാബു, ഡോ. ആർ. ശ്രീലതാ വർമ്മ,
ഡോ. ഇ. സന്ധ്യ, വർഗ്ഗീസാന്റണി

കഥ : വി.കെ.കെ. രമേഷ്, ഗംഗാധരൻ ചെങ്ങാലൂർ,
സമദ് പനയപ്പിള്ളി, ശിവദാസൻ എ.കെ.

കഥ

ശിവദാസൻ.എ.കെ



# തലമുറകൾ

ചേമഞ്ചേരി പാലം കടന്നതെയുള്ളൂ. പൂത്തു നിന്ന കൈതകളിലേക്ക് ഒളിഞ്ഞു നോക്കിയ കുട്ടനോട് അച്ഛൻ പറഞ്ഞു.

"കൈതക്കാട്ടില് കേറണ്ടാട്ടോ, ഇഴജാത്യോള് ഉണ്ടാകും."

മൂക്ക് തുളച്ചുകയറുന്ന വാസന ശ്വസിച്ച് കുട്ടൻ ചോദിച്ചു.

"ഇത്രേം വാസനേള്ള പൂക്കളെന്തേ ഈ മുൾക്കാട്ടില്?"

"അതങ്ങന്യാ മോനേ. നല്ലതൊന്നും അത്ര എളുപ്പത്തില് കിട്ടില്ല."

കുട്ടന്റെ മുന്നിൽ കൂർത്ത മുള്ളുകൾ നിരത്തി വെച്ച കൈതയോലകൾ പിണങ്ങി നിന്നു.

തോട്ടിലേക്ക് തല താഴ്ത്തി നിന്ന തെങ്ങോലയിൽ നിന്ന് അമ്പെയ്ത പോലൊരു പൊൻമാൻ വെള്ളത്തിലേക്ക് വീണു. തിരിച്ചെത്തിയപ്പോൾ കൊക്കിൽ പിടക്കുന്ന മീനുമായി അവൻ കുട്ടനെ ഗൂഢമായി നോക്കി.

പാടത്തേക്ക് അന്തി പെറ്റിറങ്ങിയ ചുവപ്പ് . ചേക്കാറാനായി പിരിഞ്ഞു പോകുന്ന കുളക്കോഴികളുടെ വിശേഷം പറച്ചിൽ. കുട്ടനും അച്ഛനും നടന്നു മുട്ടിയത് പുഴയോരത്തേക്കാണ്.

"പുഴേലെറങ്ങല്ലേ കുട്ടാ. ചതിക്കുഴ്യോള് ഉണ്ടാകും. ഇറങ്ങ്യാ നെല കിട്ടില്ല. വട്ടം ചുറ്റി താഴ്ന്ന് പോകും." അച്ഛൻ ഓർമ്മപ്പെടുത്തി.

"ചതിക്കുഴീല് ഭൂതംണ്ടാവോ ?" കുട്ടൻ അതിശയപ്പെട്ടു.

"ഭൂതോന്നല്ല. അത് പുഴേടെ ഒരു സ്വഭാവാ മോനേ. ചുഴികളും മലരികളുമില്ലാതെ ഒരു പുഴക്കും ഇത്രേം ഒഴുകി കടലിൽ ചേരാൻ വയ്യ."

പിന്നെയും നടക്കവെ അച്ഛൻ നിന്നു. മൂക്ക് വിടർത്തി ചുറ്റും നോക്കി.

"കുട്ടാ മരച്ചീനി വേവണ മണം വര്ണ്ടാ?"

"ഉവ്വ്, മരച്ചീനി വേവണ മണംണ്ട്."

"അതേ പാമ്പ് പെറ്റുകെടക്കണതാ. സൂക്ഷിക്കണം."

"ഏത് പാമ്പ്?"

"അണല്യാ. ഒറ്റ പേറില് അമ്പതാ കുഞ്ഞുങ്ങൾ."

കുട്ടന്റെയും അച്ഛന്റെയും ദേഹത്തേക്ക് ആകാശം ഇരുട്ടായി പെയ്തിറങ്ങി.

അച്ഛൻ ചോദിച്ചു.

"കുട്ടാ പേട്യാവ്ണ്ടാ?"

കുട്ടൻ തലയാട്ടി.

അച്ഛൻ അതു കണ്ടില്ല. എങ്കിലും ഇരുട്ടിലൊരു കരം അവന്റെ നേർക്കു നീണ്ടു.

"പേടിക്കണ്ടടാ അച്ഛനില്ലെ. ദാ, കയ്യ്മ്മെ പിടിച്ചോ."

അച്ഛന്റെ കൈ പിടിച്ച് കുട്ടൻ നടന്നു.

കാലം കുട്ടനേയും വളർത്തി സ്വയം വളർന്നു കൊണ്ടിരുന്നു. പിന്നീടെപ്പോഴോ അച്ഛൻ ആവലാതിപ്പെടുന്നു.

"രാഷ്ട്രീയത്തിലൊന്നും വേണ്ട മോനേ കൊല്ലും കൊലയുമാ എങ്ങും."

"അങ്ങനെ പേടിച്ചാ ജീവിക്കാനൊക്ക്വോ. ഒരു നിലപാട് വേണ്ടേ '

രാത്രി വൈകി വീട്ടിലെത്തുന്ന കുട്ടനോട് അച്ഛൻ പരിഭവിച്ചു.

"ഇത്തിരികൂടി നേരത്തെ വന്നാലെന്താ?"

കുട്ടൻ ആരോടെന്നില്ലാതെ കയർത്തു

"ഞാനെന്താ ഇള്ളക്കുട്ട്യാ എന്നും മടീല് വെക്കാൻ."

അച്ഛൻ ഇരുട്ടിലേക്ക് പിൻവാങ്ങി.

എപ്പോഴൊക്കെയോ ഉത്തരം പ്രതീക്ഷി

ക്കാത്ത ചില പിറുപിറുപ്പുകൾ.

"വെട്ടോം വെളിച്ചോല്ലാണ്ട് ഇങ്ങനെ നടക്കാ. ഈശ്വരാ നീ തുണ."

മുറ്റത്ത് തെന്നി വീണ അച്ഛനെയും കൊണ്ട് കുട്ടൻ ആശുപത്രിയുടെ പടി കയറുകയായിരുന്നു.

പരിചയമുള്ള ആശുപത്രിയിലും അച്ഛന്റെ കണ്ണുകൾ നിസ്സഹായതയോടെ പതറുന്നത് കുട്ടൻ കണ്ടു.

എല്ല് പൊട്ടിയ കൈക്ക് പ്ളാസ്റ്ററിട്ട് തിരിച്ചു പോരവെ കുട്ടൻ ദേഷ്യപ്പെട്ടു.

"അച്ഛനിതൊന്ന് അടങ്ങിയിരുന്നു കൂടെ. രൂപ മൂവ്വായിരമാ ആസ്പത്രി ബില്ല്."

അച്ഛൻ കുട്ടനെ വെറുതേ നോക്കി. പിടി കിട്ടാത്ത കാലത്തിന്റെ അമ്പരപ്പ് കണ്ണുകളിൽ നിറഞ്ഞു നിന്നു.

സ്കൂളിന് മുന്നിൽ കാർ നിർത്തി കുട്ടൻ ആദിത്യനെ കാത്തു നിന്നു.

ദൂരെ നിന്ന് അവൻ നടന്നു വരുന്നത് കണ്ടു.

തേച്ചു മിനുക്കിയിട്ടിരുന്ന ഷർട്ടിലും ട്രൗസറിലും പൊടിയുടെ പൂരം. അലക്ഷ്യമായ മുടി അങ്ങോട്ടു മിങ്ങോട്ടും എഴുന്നു നിൽക്കുന്നു.

"നോക്ക് ഇങ്ങനെ പൊടിയിൽ കളിക്കരുതെന്ന് നിന്നോട് എത്ര പറഞ്ഞിരിക്കുന്നു."

ആദിത്യൻ വെറുതേ താഴേക്ക് നോക്കിയിരുന്നു.

"ആദിത്യാ വെക്കേഷനായില്ലേ . വെറുതേ സൈക്കിളുമെടുത്ത് റോഡിൽ കറങ്ങുകയൊന്നും വേണ്ടാട്ടോ."

"അതെന്താ പപ്പാ."

"അതോ. റോഡ് നെറച്ചും വണ്ടികളല്ലേ. സൂക്ഷിക്കണം."

വഴിയോരത്ത് അതിരു കെട്ടിയിട്ട കുളം പുതുമയോടെ ചിരിച്ചു.

"മോനെ നീന്തല് പഠിക്കാനെന്നും പറഞ്ഞ് കണ്ണീക്കണ്ട വെള്ളത്തിലൊന്നും ചാടരുത്. അപകടമാണ്. " ആദിത്യൻ കുട്ടനെ കൗതുകത്തോടെ നോക്കി.

ആദിത്യൻ ആദ്യമായി ബൈക്ക് വാങ്ങിയ ദിവസം കുട്ടൻ ആവലാതിപ്പെട്ടു.

"ഇപ്പോ ഇതിന്റെ ആവശ്യോന്നും ഉണ്ടായിരുന്നില്ല."

ആദിത്യൻ ചൊടിച്ചു.

"ആണുങ്ങൾക്കൊക്കെ ബൈക്കായി തൊടങ്ങീല്ലേ. പേടിച്ചിരുന്നാ വീട്ടിലിരിക്കണ്ണെ ഉള്ളൂ."

കുട്ടന്റെ മുന്നിലൂടെ പടപടശബ്ദത്തോടെ ബൈക്ക് അകന്നു പോയി. കൂടുതൽ കൂടുതൽ വാഹനങ്ങളെ പായിച്ചു കൊണ്ടുവന്ന തെരുവ് അതിരുകളില്ലാതെ വളർന്നു കൊണ്ടേയിരുന്നു.

ആദിത്യൻ സ്റ്റേറ്റ്സിലെ ജോലിത്തിരക്കുകൾക്കിടയിൽ നിന്ന് വിളിക്കുന്നത് വല്ലപ്പോഴുമാണ്.

അധികമൊന്നും സംസാരിക്കാൻ പറ്റാറില്ല.

കുട്ടന് ചോദിക്കണമെന്നുണ്ട്.

അവിടെ മഴയുണ്ടോ, കടുത്ത തണുപ്പാണോ, വെയിലുണ്ടോ എന്നെല്ലാം.

അമേരിക്കയെന്നാൽ കുട്ടന് ആകാശം മുട്ടുന്ന കെട്ടിടങ്ങളാണ്. പല നിരകളായി ഇരമ്പി പായുന്ന വണ്ടികളാണ്. ടെലിവിഷനിൽ അക്ഷരം തിരിയാതെ പ്രത്യക്ഷപ്പടുന്ന ഇംഗ്ളീഷ് സിനിമയിലെ ഒരു വിചിത്രലോകം. കുട്ടനമ്പരന്നു പോകുന്നു. ഈ തിരക്കിനിടയിൽ എവിടെയാണ് തന്റെ കുട്ടി. തന്റെ പേരമകന്റെ മുഖം ഇടക്കിടെ അയച്ചു തരുന്നതിൽ മാത്രമാണുള്ളത്. വാത്സല്യം തപാലിലൂടെയോ, ഇ മെയിലൂടെയോ അയച്ചു കൊടുക്കാനാവില്ലല്ലോ.

ശ്രാവണും ആദിത്യനും നാട്ടിലെത്തിയതിന്റെ പിറ്റേന്നാണ്.

കടും ചുവപ്പു നിറത്തിൽ ഒതുങ്ങിയ ഒരു പുലിയുടെ ശരീരഘടനയുള്ള ബൈക്ക് വീട്ടുമുറ്റത്തെത്തിയത്.

"250 സി.സി യാണ്.' ശ്രാവൺ അഭിമാനത്തോടെ പറഞ്ഞു.

കുട്ടൻ പേരക്കുട്ടിയെ ശ്രദ്ധിക്കുകയായിരുന്നു. അവൻ നന്നായി മലയാളം പറയുന്നുണ്ടല്ലോ.



"ഗ്രാൻഡ് പാ, പപ്പക്ക് ഒട്ടും സമ്മതമായിരുന്നില്ല. നാലു മാസം മുമ്പേ ബുക്കു ചെയ്തിരുന്നതാണ്. "

"എന്തായാലും പുറത്തേക്ക് അധികം കറക്കം വേണ്ട. ഇത് അമേരിക്കയല്ല. ഇവിടുത്തെ നിരത്തുകളിൽ ട്രാഫിക് ഫോർമാലിറ്റീസ് ഒട്ടുമില്ല. ആദിത്യൻ മുന്നറിയിപ്പ് നൽകി."

"ഞാനെന്തായാലും ഗ്രാൻഡ് പായോടൊപ്പം ഒന്ന് കറങ്ങും." വണ്ടിയെ അരുമയായി തലോടികൊണ്ട് ശ്രാവൺ പറഞ്ഞു.

"ഇവനൊന്ന് റൈസ് ചെയ്താൽ ഒരു പോലീസിനും ഒപ്പമെത്താനാവില്ല."

ചീറ്റപ്പുലിയേപ്പോലെയായിരുന്നു അതിന്റെ മുരൾച്ച. ഒരു കുതിരസവാരിക്കാരന്റെ അന്ധാളിപ്പോടെ കുട്ടനിരുന്നു.

പിന്നിൽ ആദിത്യന്റെ കരുതൽ വീണ്ടും.

"അച്ഛൻ ശ്രദ്ധിക്കണം. ദൂരേക്ക് പോകരുതെന്ന് അവനോട് പറയണം."

ഇടവഴികൾ കടന്ന് മെയിൻ റോഡിലെത്തിയപ്പോഴേക്കും ചീറ്റപ്പുലിയുടെ മുരൾച്ച കൂടി.

നേർവഴികൾ വിട്ട് അല്പം ചെരിഞ്ഞും ചാഞ്ഞും അവൻ യഥാർത്ഥ സ്വഭാവം കാട്ടിത്തുടങ്ങി.

"അപ്പൂപ്പൻ പിന്നിലുണ്ട്. മറക്കണ്ടാ. "

കുട്ടൻ ശ്രാവണെ സ്നേഹത്തോടെ ശാസിച്ചു.

"ഡോൺട് ഫിയർ ഗ്രാൻഡ് പാ. ഒരു യാത്രയല്ലേ മുറുക്കെ പിടിച്ചാ മതി."

ചീറ്റപ്പുലി വെയിൽ മൂത്ത വഴികളിലൂടെ കുതിച്ചു പാഞ്ഞു.

മുന്നിൽ നിരനിരയായി പോകുന്ന വാഹനങ്ങളുടെ അലസഗമനത്തിൽ അത് പല തവണ അസ്വസ്ഥമായി. ബ്ളോക്കുകളിൽ നിന്ന് ഒരു മുരളലോടെ അത് കുതറിച്ചാടിക്കൊണ്ടിരുന്നു.

അങ്ങനെയൊരു കുതറിച്ചാട്ടത്തിലാണ് അത് സംഭവിച്ചത്.

എതിരെ പാഞ്ഞടുക്കുന്ന മറ്റൊരു വാഹനം.

ഇമ ചിമ്മുന്ന വേഗതയിൽ കൈവിട്ടു പോകുന്ന മുരൾച്ച. ബോധത്തെ വന്നു മൂടുന്ന കരിവഴിയുടെ ഇരുട്ട്.

കണ്ണു തുറന്നപ്പോൾ ആദിത്യൻ അടുത്തുണ്ടായായിരുന്നു.

ശ്രാവൺ. ആദ്യം ചുണ്ടനങ്ങിയത് അങ്ങനെയാണ്.

"പേടിക്കാനൊന്നൂല്യ. കാലിൽ ഒരു ഫ്രാക്ചറുണ്ട്. മുഖത്ത് അവിടവിടെ ചെറിയ വുണ്ട്സ്. ഒന്നോ രണ്ടോ കോസ്മെറ്റിക് സർജറി വേണ്ടി വന്നേക്കും. ഇൻഷുറൻസ് ക്ലെയിം ഇല്ലാത്തതുകൊണ്ട് കുറച്ചു ക്യാഷാകും. ആ !അതൊരു പ്രശ്നോല്ല. വേറൊന്നും പറ്റീല്ലല്ലോ."

"പിന്നെ ഞാനാ വണ്ടി വിൽക്കാൻ തീരുമാനിച്ചു. ഡെയിഞ്ചറാണ്. സർജറി കഴിഞ്ഞാലുടനെ ശ്രാവണെ സ്റ്റേറ്റ്സിലേക്കയക്കണം. എന്തോ ഇവിടെ അവനത്ര സേഫല്ല.'

കുട്ടൻ നിശബ്ദനായി കേട്ടു കിടന്നു. അവനെ ഇത്ര പെട്ടെന്ന് തിരിച്ചയക്കേണ്ട എന്ന് തനിക്കെങ്ങനെ പറയാനാകും.

ഇറങ്ങുമ്പോൾ ആദിത്യൻ പറഞ്ഞു.

"പപ്പാ കൈയ്യനക്കണ്ട. ചെറിയ ഫ്രാക്ചറേ ഉള്ളു എന്ന് പറഞ്ഞിട്ടെന്താ ഇപ്പത്തന്നെ ഫിഫ്റ്റി തൗസന്റായി."

ആദിത്യൻ പോയിരിക്കുന്നു. കുട്ടൻ കട്ടിലിൽ കണ്ണടച്ചു കിടന്നു. ഓർമ്മയിലാണ്ടു കിടന്ന കാലത്തിന്റെ ഇടവഴികളെല്ലാം ഒന്നിച്ച് കാണുന്നു. മായുന്നു.

ഇതേതാശുപത്രിയാണ്.

മുമ്പു വരാറുള്ള ആശുപത്രി തന്നെ.

ജനാലയിലൂടെ പുറത്തേക്ക് നോക്കി. നിരത്തിലൊറ്റക്കായ ഒരു വിളക്കു കാലിന്റെ ഏകാന്തത ഇരുട്ടിനോട് പരിഭവിക്കുന്നു.

അപ്പുറത്ത് പുതിയ ആശുപത്രിക്കെട്ടിടത്തിന്റെ പണി നടക്കുന്നു.

മാനം മുട്ടെ വളരുകയാണ് കെട്ടിടങ്ങൾ.

മാനം മുട്ടെ പെരുകുകയാണല്ലോ രോഗങ്ങളും.

കെട്ടിടം പണിക്കാരുടെ ഉച്ചത്തിലുള്ള നിർദ്ദേശങ്ങൾ. പേരറിയാത്ത യന്ത്രങ്ങളുടെ മുരൾച്ച. വളർന്നു പോകുന്ന ആശുപത്രികൾക്കകത്ത് തളർന്നു പോകുന്ന മനുഷ്യർ.

ഇരുട്ടാണ് ചുറ്റും. താനെവിടെയാണ്. മറന്നു പോയതു പോലെ അയാൾ ചുറ്റും പകച്ചു നോക്കി.

ഒരു കരം നെറ്റിയിൽ തലോടി കടന്നു പോയോ.

ആരോ ചോദിക്കുന്നു.

"കുട്ടാ പേട്യാവണ്ടോ?"

അയാൾ അതെയന്ന് തലയാട്ടി.

"പേടിക്കണ്ടടാ അച്ഛനില്ലെ. ദാ കയ്യ്മ്മേ പിടിച്ചോ."

സ്ളിംഗിലിട്ട കൈ വേദനയറിയാതെ ഉയർത്തി കുട്ടൻ പരതി.

കൈയ്യെവിടെ?